**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ചങ്ങനാശ്ശേരി നഗരസഭയിൽ പി.എ ടു സെക്രട്ടറിയായ ശ്രീ. സി ആർ.വെങ്കിടേശ്വരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2294/2017 കേസിലെ 14.03.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3211/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 20.12.2018

---

പരാമർശം :-

1. ചങ്ങനാശ്ശേരി നഗരസഭയിൽ പി.എ ടു സെക്രട്ടറിയായ ശ്രീ. സി ആർ.വെങ്കിടേശ്വരൻ സർക്കാരിൽ സമർപ്പിച്ച 25.01.2018 തീയതിയിലെ അപ്പീൽ അപേക്ഷ. (അനക്ഷർ എ 16)
2. ശ്രീ.സി.ആർ.വെങ്കിടേശ്വരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2294/2017 കേസിലെ 14.03.2018 തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 19.07.2018 തീയതിയിലെ ഇ 6- 11989/18 നമ്പർ കത്ത്.

## ഉത്തരവ്

മുനിസിപ്പൽ കോമൺ സർവീസിൽ ഷൊർണ്ണൂർ നഗരസഭയിൽ റവന്യൂഇൻസ്പെക്ടർ/ഹെഡ് ക്ലർക്ക് തസ്തികയിൽ ജോലിചെയ്തുവരവെ 01.07.2007 മുതൽ 23.09.2008 വരെ അവധിയിലായിരുന്ന കാലയളവ് ക്രമീകരിച്ച്, സീനിയോരിറ്റി അടിസ്ഥാനമാക്കി അർഹമായ പ്രമോഷൻ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.സി.ആർ.വെങ്കിടേശ്വരൻ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ വിഷയവുമായി ബന്ധപ്പെട്ട് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 2294/2017 കേസിലെ പരാമർശം 2 പ്രകാരമുള്ള ഇടക്കാലഉത്തരവ് പ്രകാരം, അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ എ 16 അപ്പിൽ ഒന്നാം എതിരകക്ഷിയായ സർക്കാർ പരിശോധിച്ച്, ടിയാനെ നേരിൽകേട്ട് 3 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 05.06.2018 ന് ശ്രീ.സി.ആർ.വെങ്കിടേശ്വരനെ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾ പ്രകാരം ഷൊർണ്ണൂർ നഗരസഭയിൽ ആർ.ഐ/എച്ച്.സി തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ 01.07.2007 മുതൽ 30.09.2007 വരെ മെഡിക്കൽ അവധിയും തുടർന്ന് 01.10.2007 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിക്കുമായി ഷൊർണ്ണൂർ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചതായും ദീർഘനാളത്തെ ചികിത്സയ്ക്കുശേഷം 23.09.2008-ൽ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അപേക്ഷ ഷൊർണ്ണൂർ നഗരസഭയിൽ സമർപ്പിക്കുകയും നിലവിൽ ഒഴിവില്ലാത്തതിനാൽ 26.09.2008-ൽ ഷൊർണ്ണൂർ നഗരസഭയിൽ

നിന്നും നഗരകാര്യ ഡയരക്ടറേറ്റിലേയ്ക്ക് തന്റെ അപേക്ഷ കൈമാറിയതായും പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭ്യമാക്കിയതനുസരിച്ച് സർക്കാർ നിർദ്ദേശപ്രകാരം 01.12.2008-ൽ ഒറ്റപ്പാലം നഗരസഭയിൽ റവന്യൂ ഇ ൻസ്പെക്ടർ ആയി നിയമിച്ചതായും അറിയിച്ചു. അവധിക്കാലം ക്രമീകരിക്കാതെയാണ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത് എന്നതിനാൽ സമയബന്ധിതമായി ലഭിക്കേണ്ടിയിരുന്ന സ്ഥാനക്കയറ്റം നഷ്ടമാകുകയും ജൂനിയറായിട്ടുള്ള ആൾക്കാർ സ്ഥാനക്കയറ്റം ലഭ്യമാക്കി ഉയർന്ന തസ്തികകളിലേയ്ക്ക് മാറുകയും ചെയ്തതായും അവധി ക്രമീകരിച്ച് കിട്ടണമെന്നാവശ്യപ്പെട്ട് നഗരകാര്യ ഡയറക്ടർക്ക് ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാത്ത പശ്ചാത്തലത്തിലാണ് ബഹു ട്രൈബ്യൂണലിനെ സമീപിക്കേണ്ടിവന്നതെന്നും അവധിക്കാലം മെഡിക്കൽ ഗ്രൗണ്ടിലുള്ള ശൂന്യവേതനാവധിയായി പരിഗണിക്കുകയും ലഭിക്കേണ്ട ഉദ്യോഗക്കയറ്റങ്ങൾ നോഷണലായി (സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ) അടിയന്തിരമായി ലഭ്യമാക്കണമെന്ന് ടിയാൻ ആവശ്യപ്പെട്ടു.

3. നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം ശ്രീ സി.ആർ വെങ്കിടേശ്വരൻ, ഷൊർണ്ണൂർ നഗരസഭയിൽ ആർ.ഐ/എച്ച്.സി ആയി ജോലി നോക്കി വരികെ 01.07.2007 മുതൽ 30.09.2007 വരെ മെഡിക്കൽ അവധിയ്ക്കും തുടർന്ന് 01.10.2007 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധിയ്ക്കും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ദീർഘനാളത്തെ ചികിത്സ വേണ്ടിവന്നതിനാൽ ആവശ്യപ്പെട്ട ശൂന്യവേതന അവധിയുടെ ആനുകൂല്യം നേടിയിരുന്നില്ല. 23.09.2008-ൽ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും 01.12.2008-ൽ ടിയാനെ ഒറ്റപ്പാലം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി നിയമിച്ച് ഉത്തരവായത് അവധി ക്രമീകരിക്കാതെയായിരുന്നു.

4. 23.09.2008-ൽ ജോലിയിൽ പുന.പ്രവേശിപ്പിക്കാൻ ശ്രീ സി.ആർ. വെങ്കിടേശ്വരൻ അപേക്ഷ സമർപ്പിച്ച ശേഷം 01.11.2008 ലും 01.12.2008 ലും ജൂനിയർമാരെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. നിയമനത്തിന് കാത്തിരുന്ന കാലം ക്രമീകരിച്ചിരുന്നുവെങ്കിൽ ആ സമയത്ത് തന്നെ തസ്തികക്കയറ്റത്തിന് അർഹത ലഭിക്കുമായിരുന്നു. ശ്രീ സി.ആർ വെങ്കിടേശ്വരൻ 01.07.2007 മുതൽ അവധി സമർപ്പിച്ചിരുന്നുവെങ്കിലും അടിയന്തര ചികിത്സ ലഭ്യമാകുന്നതിനായി അവധിയിൽ പ്രവേശിച്ചിട്ടുള്ളതും അവധി അപേക്ഷിച്ചതിനു ശേഷം വിദേശത്ത് പോയിരുന്നോ എന്നത് സംബന്ധിച്ച പരിശോധനയിൽ വിദേശത്തു പോയതായ തെളിവുകൾ കണ്ടെത്തിയിട്ടില്ലായെന്നും പാസ്സ്പോർട്ട് പരിശോധിച്ചതിലും വിദേശത്ത് പോയതായുള്ള യാതൊരു രേഖപ്പെടുത്തലും പാസ്സ്പോർട്ടിൽ ഇല്ലാത്തതാണെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അന്വേഷണത്തിൽ 01.07.2007, 01.10.2007 എന്നീ തീയതികളിലെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും 22.09.2008-ലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റേയും പകർപ്പുകൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളുവെന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അവധി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ലായെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട്, നേരിൽക്കേട്ട സമയത്തെ ശ്രീ. വെങ്കിടേശ്വരന്റെ വാദങ്ങൾ എന്നിവ സഹിതം വിശദമായി പരിശോധിച്ചു. 01.07.2007 മുതൽ അപ്പൻഡിക്സ് XII A പ്രകാരം ശൂന്യ വേതനാവധിയ്ക്ക് ശ്രീ. വെങ്കിടേശ്വരൻ അപേക്ഷ നൽകിയിരുന്നുവെങ്കിലും പ്രസ്തുത അപേക്ഷ 27.09.2008 ൽ മാത്രമാണ് നഗരകാര്യ ഡയറക്ടർ സർക്കാരിലേയ്ക്ക് അയച്ചിരുന്നത്. ഈ അവധി അപേക്ഷ സർക്കാരിനയച്ച് തീരുമാനം

എടുക്കുന്നതിനു മുമ്പ് തന്നെ 01.07.2007 മുതൽ അവധിയിൽ പ്രവേശിച്ചതായും 23.09.2008 ൽ തിരികെ ഡ്യൂട്ടിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും 03.12.2008 ൽ ജോലിയിൽ പുന പ്രവേശിക്കുകയും ചെയ്തതായും കാണുന്നു. തുടർന്ന് 18.07.2011 ലാണ് 01.07.2007 മുതൽ 23.09.2008 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിച്ചിരിക്കുന്നത്. കൂടാതെ ടിയാൻ അവധി കാലയളവിൽ മറ്റെവിടെയെങ്കിലും ജോലി സ്വീകരിച്ചിട്ടില്ലായെന്ന് നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ബോധ്യമായിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ ടിയാൻ ആരോഗ്യ കാരണങ്ങളാലാണ് ഡ്യൂട്ടിയിൽ നിന്ന് വിട്ടു നിന്നതെന്ന് ബോധ്യമുള്ള പക്ഷം ടിയാന്റെ 01.07.2007 മുതൽ 23.09.2008 വരെയുള്ള അനധികൃത ഹാജരില്ലായ്മ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യ വേതനാവധിയായി ക്രമീകരിക്കുന്നതിനായി, ടിയാനിൽ നിന്ന് അപേക്ഷ ലഭ്യമാക്കി സർക്കാരിൽ നൽകുന്നതിന് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.സി.ആർ.വെങ്കിടേശ്വരന്റെ അനക്ഷർ എ 16 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.03.2018 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ.സി.ആർ.വെങ്കിടേശ്വരൻ, പി.എ ടു സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ

ധനവകുപ്പ്( 07.12.2018 തീയതിയിലെ DEV-1/339/2018-FIN നമ്പർ കുറിപ്പ് പ്രകാരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ